നമ്പർ. പി.റ്റി (1) 45851/2004.

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,

തിരുവനന്തപുരം, 23.3.2005.

സർക്കുലർ നമ്പർ. 2/2005

വിഷയം:- സഹകരണ വകുപ്പ്- സംസ്ഥാന സഹകരണ യൂണിയൻ-അഫിലിയേഷൻ ഫീസ്- വിനിയോഗം സർക്കിൾ സഹകരണ യൂണിയനുകൾക്ക് നിർദേശം നൽകുന്നത് സംബന്ധിച്ച്.

സൂചന:- സർക്കുലർ നമ്പർ. 2/90

സർക്കിൾ സഹകരണ യൂണിയന്റെ പ്രവർത്തനവും ഫണ്ടു പിരിവും സംബന്ധിച്ച് സൂചന പ്രകാരം നിർദേശം പുറപ്പെടുവിച്ചിരുന്നുവെങ്കിലും പല സർക്കിൾ സഹകരണ യൂണിയനുകളും ടി നിർദേശങ്ങൾ കൃത്യമായി പാലിക്കുന്നില്ലായെന്ന് സഹകരണ സംഘം രജിസ്ട്രാറുടെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ടി സാഹചര്യത്തിൽ അഫിലിയേഷൻ ഫീസ് വിനിയോഗം സംബന്ധിച്ച് താഴെ പറയും പ്രകാരമുള്ള നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സഹകരണസ്ഥാപനങ്ങളിൽ നിന്ന് അഫിലിയേഷൻ ഫീസിനത്തിൽ ലഭിക്കുന്ന തുകയുടെ 75 % സർക്കിൾ സഹകരണ യൂണിയനുകൾക്ക് സംസ്ഥാന സഹകരണ യൂണിയൻ നൽകി വരുന്നുണ്ട്. ഇപ്രകാരം ലഭിക്കുന്ന അഫിലിയേഷൻ ഫീസിന്റെ ശരിയായ വിനിയോഗം എപ്രകാരമായിരിക്കണമെന്ന സൂചന സർക്കുലർ നിർദേശം കൃത്യമായും പാലിക്കേണ്ടതാണ്. അഫിലിയേഷൻ ഫീസിനത്തിൽ ലഭിക്കുന്ന വിഹിതം സർക്കിൾ സഹകരണ യൂണിയനുകൾ സഹകരണ വിദ്യാഭ്യാസം, പരിശീലനം എന്നീ കാര്യങ്ങൾക്ക് വേണ്ടിയായിരിക്കണം വിനിയോഗിക്കേണ്ടത് എന്നും ഓർമപ്പെടുത്തുന്നു. ആയതിനാൽ സൂചന പ്രകാരം നൽകിയിട്ടുള്ള സർക്കുലർ നിർദേശങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് മേലന്വേഷണത്തിനും ഓഡിറ്റിനും ഉത്തരവാദപ്പെട്ടവർ ഉറപ്പു വരുത്തേണ്ടതാണ്. സംസ്ഥാന സഹകരണ യൂണിയന്റെ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻമാർ പരിശോധനയ്ക്ക് ആവശ്യപ്പെടുമ്പോൾ ആയത് ഹാജരാക്കേണ്ടതാണെന്നും നിർദേശിക്കുന്നു. സർക്കുലർ നിർദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന സർക്കിൾ സഹകരണ യൂണിയനുകളുടെ മേൽ നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.

ഒപ്പ്,

കെ.കേശവൻ

സഹകരണസംഘം രജിസ്ട്രാർ (ഇൻ-ചാർജ്)

1. എല്ലാ സർക്കിൾ സഹകരണ യൂണിയൻ സെക്രട്ടറിമാർക്കും/ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും. (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കുമുള്ളത്.)

2. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ആഡിറ്റ്)മാർക്കും (ജോയിന്റ് രജിസ്ട്രാർ (ആഡിറ്റ്) മാർ മുഖേന)

3. അസിസ്റ്റന്റ് രജിസ്ട്രാർ/സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, ഊറ്റുകുഴി, തിരുവനന്തപുരം.

4. സ്റ്റോക്ക് ഫയൽ

5. സ്പെയർ

ആജ്ഞാനുസരണം

സഹകരണസംഘം രജിസ്ട്രാർക്കുവേണ്ടി.